(ബി) വിവരം ചുവടെ ചേർത്തിരിക്കുന്നു.

ഉപഭോക്തൃ വിഭാഗം	പഴയ നിരക്ക് ശരാശരി യൂണിറ്റൊന്നിന്	പുതുക്കിയ നിരക്ക് ശരാശരി യൂണിറ്റൊന്നിന്	പുതിയ നിരക്ക് പ്രാബല്യത്തിൽ വന്ന തീയതി
1. ഇ.എച്ച്. റേറ്റ് 110 കെ.വി. 66 കെ. വി.	10.8	24.45	1-9-1982
2. എച്ച്. റേറ്റ്, 11 കെ. വി.	18.24	30.4	1-9-1982
3. എൽ. റേറ്റ്.			
(1) ഗാർഹികം	36	44	15-8-1982
(2) ഗാർഹികേതരം	52	70	15-8-1982
(3) കാർഷികം	15	15	താരിഫ് വർദ്ധനവ് ഇല്ല
(4) വ്യവസായം	22	25	3-12-1984

(സി) ഇ. എച്ച്. റേറ്റ് : 126 %
എച്ച്. റേറ്റ് : 66.6 %
എൽ. റേറ്റ്. ഗാർഹികം : 22.2 %
ഗാർഹികേതരം : 34.6 %
കാർഷികം : വ്യത്യാസമില്ല.
വ്യാവസായികം : 13.6 %

(ഡി) 9/82 മുതൽ 3/86 വരെയുള്ള കാലയളവിൽ ഉദ്ദേശം 140 കോടി രൂപ.

(ഇ) ഉദ്ദേശം 40 കോടി രൂപ.

(എഫ്) സാധനസാമഗ്രികളുടെ വില വർദ്ധനവ്/വേതന/കൂലി കൂടുതൽ എന്നിവ മൂലം വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ രംഗങ്ങളിൽ വന്ന അധിക ചെലവ് നേരിടുന്നതിലേക്ക്.

കാഞ്ഞിരോട് ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ

216. [268] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കാഞ്ഞിരോട് എന്ന സ്ഥലത്ത് ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ പണിയുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി ഇപ്പോൾ എവിടം വരെയായി;

(സി) നിർമ്മാണപ്രവർത്തി പൂർത്തിയാക്കി എന്നത്തേക്കു പ്രസ്തുത സ്റ്റേഷൻ പ്രവർത്തനമാരംഭിക്കും ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പണിയാൻ പരിപാടിയുണ്ട്.

(ബി) സ്ഥലം പൊന്നുംവിലയ്ക്കെടുത്തു ചുറ്റുമുള്ള വേലിയിട്ടു കഴിഞ്ഞു.

(സി) ഏഴാം പദ്ധതിക്കാലത്ത് പണി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

വൈദ്യുതി ബോർഡിനു വേണ്ടി നിർമ്മിക്കുന്ന കോൺക്രീറ്റ് കാലുകൾ

217. [269] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ ആവശ്യത്തിനുള്ള കോൺക്രീറ്റു കാലുകൾ നിർമ്മിക്കുന്നതിന് സ്വകാര്യ എജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര എജൻസികളെ ;

(സി) ഒരു കോൺക്രീറ്റു കാലു നിർമ്മിക്കുന്നതിന് ബോർഡ് കൊടുക്കേണ്ട തുക എത്ര ?

ഉത്തരം

(എ) ഉണ്ട്.

(ബി) 12 എജൻസികളെ പി. എസ്. സി. പോസ്റ്റുകൾ വാർക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ ചില സ്ഥലങ്ങളിൽ ആർ. സി. സി. പോസ്റ്റുകൾ വാർക്കാനും കരാർ നൽകിയിട്ടുണ്ട്.

(സി) ഇലക്ട്രിക്കൽ സർക്കിൾ അടിസ്ഥാനത്തിൽ ടെൻഡറുകൾ വിളിച്ച് കരാർ ഉറപ്പിച്ചവയായതുകൊണ്ട് പോസ്റ്റ് വാർക്കേണ്ടതിന് കൊടുക്കേണ്ടതു പൊതുവായ ഒരു റേറ്റല്ല. വിവിധ ഇനങ്ങളിലുള്ള പോസ്റ്റുകൾ വാർക്കേണ്ടതിനു കരാറു പ്രകാരം കൊടുക്കേണ്ട ഏറ്റവും കൂടിയ തുകയും കുറഞ്ഞ തുകയും താഴെ ചേർക്കുന്നു.

പി. എസ്. സി. പോസ്റ്റുകൾ	കൂടിയതുക	കുറഞ്ഞ തുക
7 മീറ്റർ നീളമുള്ള പോസ്റ്റ്	132	117
8 മീറ്റർ ,,	130	106
9 മീറ്റർ ,,	169	127

അഴുതയാർ അണക്കെട്ടിന്റെയും ടണലിന്റെയും പണി

218. [270] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പീരുമേടു നിയോജക മണ്ഡലത്തിലെ അഴുതയാർ അണക്കെട്ടിന്റെയും പെരിയാർ നദിയിലെക്കു വെള്ളം തിരിച്ചുവിടുന്നതിനുള്ള ടണലിന്റെയും പണി ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly